തദ്ദേശ സ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പ്

# 2020

## ഹരിത തിരഞ്ഞെടുപ്പ്
## പ്ലാസ്റ്റിക് വിമുക്ത തിരഞ്ഞെടുപ്പ്

## സംശയങ്ങളും മറുപടികളും




കേരള സർക്കാർ

ഹരിതകേരളം മിഷൻ

ശുചിത്വമിഷൻ

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

**തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പ് 2020**
**ഹരിതചട്ടപാലനം – സംശയങ്ങളും മറുപടികളും**
**കൈപ്പുസ്തകം**

**തയ്യാറാക്കിയത്**
ഹരിതകേരളം മിഷൻ &
ശുചിത്വ മിഷൻ ടീം

**ചിത്രങ്ങൾ, കവർ ഡിസൈൻ & ലേ – ഔട്ട്,**
എമിനെന്റ് കൺസൾട്ടൻസി

**പ്രസിദ്ധീകരണം**
ശുചിത്വ മിഷൻ

**അച്ചടി**
ഗ്രാമലക്ഷ്മി മുദ്രാലയം

സൗജന്യ വിതരണത്തിന്
കോപ്പി : 75000
നവംബർ 2020

V. BHASKARAN
STATE ELECTION COMMISSIONER
KERALA

JANAHITHAM, T. C. 27/6(2)
VIKAS BHAVAN P. O.
THIRUVANANTHAPURAM-695 033

12.11.2020



# സന്ദേശം

ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാന ശിലയാണല്ലോ തിരഞ്ഞെടുപ്പ്. പ്രളയാനന്തര കേരളം, കോവിഡ് 19 പശ്ചാത്തലം തുടങ്ങി ഒട്ടേറെ സവിശേഷ സാഹചര്യങ്ങൾ അഭിമുഖീകരിക്കവെയാണ് സംസ്ഥാനത്ത് ഇക്കുറി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് എത്തുന്നത്. സ്വതന്ത്രവും നീതിപൂർവ്വവുമായ തിരഞ്ഞെടുപ്പിനൊപ്പം ഹരിതപെരുമാറ്റച്ചട്ടം (ഗ്രീൻ പ്രോട്ടോക്കോൾ) പാലിച്ചുകൊണ്ടുള്ള ഒരു തിരഞ്ഞെടുപ്പാണ് വിഭാവനം ചെയ്യുന്നത്. 2019 ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ നാം പിൻതുടർന്ന ഹരിത പെരുമാറ്റച്ചട്ടപാലനം രാജ്യമാകെ ശ്രദ്ധിച്ചിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് വീണ്ടും കേരള മാതൃക സൃഷ്ടിക്കാനുള്ള അവസരമൊരുങ്ങുകയാണ്. രാഷ്ട്രീയ പാർട്ടികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ തുടങ്ങിയവരുടെ സഹകരണത്തോടെ മാത്രമേ ഇത് സാധ്യമാകുകയുള്ളൂ. തിരഞ്ഞെടുപ്പിലെ ഹരിതചട്ട പാലനം സംബന്ധിച്ച് ഹരിതകേരളം മിഷനും ശുചിത്വമിഷനും ചേർന്ന് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകം ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ആശംസകളോടെ

**വി. ഭാസ്കരൻ**
സംസ്ഥാന ഇലക്ഷൻ കമ്മീഷണർ

Phone : 0471-2328157, 2320348
e-mail : electionker@gmail.com, cru.sec@kerala.gov.in
Website : www.sec.kerala.gov.in


ഹരിത
മാതൃകാ ബൂത്ത്
ഞാൻ
വോട്ട്
ചെയ്യും
ഏപ്രിൽ 23
കൊല്ലം
ഹരിത-ശുചിത്വ
ലോകസഭാ ഇലക്ഷൻ
Police
Youth
Green Election
Campaign Launch

# ഈ തിരഞ്ഞെടുപ്പ്
# ഹരിത തിരഞ്ഞെടുപ്പ്

2015 ൽ കേരളത്തിൽ വച്ച് നടന്ന ദേശീയ ഗെയിംസിൽ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ ഗ്രീൻ പ്രോട്ടോക്കോൾ ദേശീയ തലത്തിൽ തന്നെ വലിയ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. ദേശീയ ഗെയിംസിലെ ഗ്രീൻപ്രോട്ടോക്കോൾ വൻ വിജയമായതിനെ തുടർന്ന് ശുചിത്വമിഷന്റെ നേതൃത്വത്തിൽ ആറ്റുകാൽ പൊങ്കാല, സ്കൂൾ കലോത്സവം, മാരമൺ കൺവൻഷൻ, ഉറൂസുകൾ തുടങ്ങി ലക്ഷക്കണക്കിന് ജനങ്ങൾ പങ്കെടുക്കുന്ന പരിപാടികളിലേയ്ക്കും ഗ്രീൻ പ്രോട്ടോക്കോൾ വ്യാപിപ്പിച്ചു. തുടർന്ന് ഹരിതകേരളം മിഷനും ശുചിത്വമിഷനും ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, പൊതുപരിപാടികളിലും ഉത്സവ ആഘോഷങ്ങളിലും വിവാഹങ്ങളിലും ഓഫീസ് പ്രവർത്തനങ്ങളിലുമെല്ലാം ഗ്രീൻപ്രോട്ടോക്കോൾ പ്രവർത്തനം നടപ്പിലാക്കി. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി വലിയ തോതിൽ മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും അതിലൂടെ പൊതുസ്ഥലങ്ങളും ജലസ്രോതസ്സുകളും മലിനപ്പെടുന്നത് തടയാനും കഴിഞ്ഞു എന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് 2019 ലെ ലോക്സഭാ തെരഞ്ഞെടുപ്പ് സമ്പൂർണ്ണ ഹരിത തെരഞ്ഞെടുപ്പായി നടത്താൻ തീരുമാനമെടുത്തത്.

2019 ലെ ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര ഇലക്ഷൻ കമ്മീഷൻ പുറപ്പെടുവിച്ച തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടങ്ങളിൽ തിരഞ്ഞെടുപ്പിന്റെ നടത്തിപ്പിനും പ്രചരണ പ്രവർത്തനങ്ങൾക്കും പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കണം എന്ന് നിർദ്ദേശിച്ചിരുന്നു. ബഹു. കേരള ഹൈക്കോടതിയുടെ 11.03.2019 തീയതിയിലെ WP(C)7193/19 നമ്പർ ഇടക്കാല ഉത്തരവ് പ്രകാരം തിരഞ്ഞെടുപ്പ് പ്രചരണത്തിന് ഫ്ളക്സ് ബോർഡ് ഉൾപ്പെടെയുള്ള എല്ലാ അജൈവ വസ്തുക്കളും ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ട്. സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസറുടെ 12.03.2019 തീയതിയിലെ സ.ഉ.(സാധാ) നം. 118/2019 നമ്പർ ഉത്തരവിലൂടെ തിരഞ്ഞെടുപ്പ് ഹരിതചട്ടങ്ങൾ പാലിച്ച്, പരിസ്ഥിതി സൗഹൃദമായി നടത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2020 ലെ തദ്ദേശ സ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ തിരഞ്ഞെടുപ്പ് പെരുമാറ്റചട്ടത്തിലും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ 22.03.2019 ലെ ബി1/22671/2019/സം.തി.ക. നമ്പർ സർക്കുലറിലും പ്രകൃതി സൗഹൃദ പ്രചരണ സാമഗ്രികൾ ഉപയോഗിച്ച് തെരഞ്ഞെടുപ്പ് പ്രചാരണം നടത്തേണ്ടത് സംബന്ധിച്ച നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് രാഷ്ട്രീയപാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും, തിരഞ്ഞെടുപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ഉണ്ടാകാവുന്ന സംശയങ്ങൾ ദൂരീകരിച്ച് പ്രസ്തുത ഉത്തരവുകൾ പൂർണമായി നടപ്പിലാകുന്ന സാഹചര്യം സൃഷ്ടിക്കാൻ ലക്ഷ്യമിട്ടാണ് ഈ കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നത്.



# എന്താണ് ഹരിത തെരഞ്ഞെടുപ്പ്?

ത്രിതല പഞ്ചായത്തുകളിലും നഗരസഭകളിലുമായി നിലവിൽ 21900 വാർഡുകളാണ് കേരളത്തിലുള്ളത്. ഇവയിൽ ശരാശരി 3 സ്ഥാനാർത്ഥികൾ എന്ന നിലയിൽ കണക്കാക്കിയാൽ പോലും 65000ൽ അധികം പേർ സ്ഥാനാർത്ഥികളായി തന്നെ രംഗത്തുണ്ടാവുന്ന തെരഞ്ഞെടുപ്പാണ് നടക്കാൻ പോകുന്നത്. ഈ സ്ഥാനാർത്ഥികളുടെ മുഴുവൻ പ്രചാരണ പ്രവർത്തനങ്ങൾക്കുപയോഗിക്കുന്ന സാമഗ്രികളും തെരഞ്ഞെടുപ്പ് പ്രചരണ രംഗത്തുള്ളവർ ഉപയോഗിക്കുന്ന ഭക്ഷണ പൊതിയും ഡിസ്പോസിബിൾ വസ്തുക്കളും കുടിവെള്ളക്കുപ്പികളുമുൾപ്പെടെയുള്ളവയുമെല്ലാം ചേർന്ന് എത്ര വലിയ മാലിന്യക്കൂമ്പാരമാണ് പ്രകൃതിയിലേയ്ക്ക് എത്തിച്ചേരാനിടയുള്ളതെന്ന് ആലോചിച്ചു നോക്കൂ. തെരഞ്ഞെടുപ്പ് ദിവസം തെരഞ്ഞെടുപ്പ് കേന്ദ്രത്തിലും പരിസര പ്രദേശങ്ങളിലും സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾ ഇതിനു പുറമേയാണ്. മഹത്തായ ഒരു ജനാധിപത്യ പ്രക്രിയ ഇത്തരത്തിൽ പ്രകൃതിയെ നശിപ്പിക്കുന്ന പ്രവർത്തനമായി പരിണമിക്കാതിരിക്കാൻ നമ്മുടെ ചെറിയ ശ്രദ്ധയും ഇടപെടലും മതിയാവും.

തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെടാനിടയുള്ള മാലിന്യങ്ങളുടെ അളവ് പരമാവധി കുറയ്ക്കുകയും കഴിയുന്നിടത്തോളം പ്രകൃതി സൗഹൃദ വസ്തുക്കൾ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കുകയും ചെയ്യുന്നതിനെയാണ് ഹരിത തെരഞ്ഞെടുപ്പ് എന്നതിലൂടെ ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും സ്ഥാനാർത്ഥികളും തുടങ്ങി സമ്മതിദായകർ വരെ തെരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെടുന്ന മുഴുവൻ പേരും ഒരുമിച്ച് പരിശ്രമിച്ചാൽ ഈ തദ്ദേശ തെരഞ്ഞെടുപ്പ് നമുക്കൊരു ഹരിത തെരഞ്ഞെടുപ്പാക്കി മാറ്റാനാകും.





പ്രതിജ്ഞ – ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ വാർഡിൽ പാഴ്‌വസ്തു സംഭരണത്തിനായി മിനി എം.സി.എഫ്. സ്ഥാപിക്കും.

# രൂപപ്പെടാൻ ഇടയുള്ള മാലിന്യം

| | |
|---|---|
| തെരഞ്ഞെടുപ്പ് നടക്കുന്ന ആകെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | 1199 (മട്ടന്നൂർ നഗരസഭ ഒഴികെ) |
| ആകെ വാർഡുകളുടെ എണ്ണം | 21865 (മട്ടന്നൂർ നഗരസഭ ഒഴികെ) |
| പ്രതീക്ഷിത സ്ഥാനാർത്ഥികളുടെ എണ്ണം | 109325 |
| പ്ലാസ്റ്റിക് ഉല്പന്നങ്ങളും ഡിസ്പോസിബിൾ വസ്തുക്കളും ഉപയോഗിച്ചാൽ രൂപപ്പെടാൻ സാധ്യതയുള്ള ഏകദേശ മാലിന്യത്തിന്റെ അളവ് | ബാനറുകൾ, ഹോർഡിംഗ്സുകൾ – ഏകദേശം 1800 ടൺ |
| | കൊടിതോരണങ്ങൾ – 1400 ടൺ |
| | പ്ലാസ്റ്റിക്, കുപ്പിവെള്ളം – 1234 ടൺ |
| | ഡിസ്പോസിബിൾ കപ്പുകൾ, പാത്രങ്ങൾ, നിരോധിത പ്ലാസ്റ്റിക് കവറുകൾ, ഉത്പന്നങ്ങൾ – 1342 ടൺ |
| ആകെ | 5776 ടൺ |

നമ്മുടെ മണ്ണിലും പുഴകളിലും ഇവ എത്തുന്നത് തടയാം.






പ്രതിജ്ഞ – ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ വാർഡിലെ കുളങ്ങൾ മാലിന്യ മുക്തമാക്കി – സംരക്ഷിക്കും



# ഏതൊക്കെത്തരം ബോർഡുകൾ സ്ഥാപിക്കാനാണ് അനുമതിയുള്ളത്

പ്രകൃതിക്ക് ദോഷകരമായ വസ്തുക്കൾ ഉപയോഗിക്കുന്ന ബോർഡുകളാണ് നിരോധിച്ചിട്ടുള്ളത്. കോട്ടൺ തുണിയിൽ പ്രിന്റ് ചെയ്ത ബോർഡുകൾ, കോട്ടൺ തുണിയിൽ എഴുതി തയ്യാറാക്കിയ ബോർഡുകൾ, കോട്ടൺ തുണിയും പേപ്പറും ഉൾപ്പെടുന്ന മീഡിയം ഉപയോഗിച്ച് പ്രിന്റ് ചെയ്യുന്ന ബോർഡുകൾ എന്നിവ ഇപ്പോൾ നമ്മുടെ നാട്ടിൽ ധാരാളമായി ലഭ്യമാണ്. കോട്ടൺ തുണിയും പേപ്പറും ഉൾപ്പെടുന്ന മീഡിയത്തിൽ ഫ്ളക്സിന്റെ അതേ ഗുണനിലവാരത്തിൽ ഫ്ളക്സ് പ്രിന്റ് ചെയ്യുന്ന മെഷീനിൽ തന്നെ പ്രിന്റിംഗ് സാധ്യമാണ്. ഇവയെല്ലാം ഉപയോഗിക്കുന്നതിന് അനുമതിയുണ്ട്. കൂടാതെ പനമ്പായ, പുൽപ്പായ, ഓല, ഈറ, മുള, പാള തുടങ്ങിയ പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചും ആകർഷകമായ രീതിയിൽ ബോർഡുകളും പ്രചരണ സാമഗ്രികളും ഉണ്ടാക്കാൻ കഴിയും. അനുമതിയുള്ള സ്ഥലങ്ങളിൽ ഡിജിറ്റൽ ബോർഡുകളും സ്ഥാപിക്കാം.





പ്രതിജ്ഞ – ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ വാർഡിൽ പാഴ്‌വസ്തു ശേഖരണത്തിന് ഹരിത കർമ്മസേനയെ പ്രോത്സാഹിപ്പിക്കും

# കൊടി തോരണങ്ങൾ എങ്ങനെ നിർമ്മിക്കാം?



കൊടികളും തോരണങ്ങളും തുണിയിലോ പേപ്പറിലോ നിർമ്മിക്കാം. കൊടികൾ പൊതുവേ തുണികളിലാണല്ലോ തയ്യാറാക്കുന്നത്. എന്നാൽ പ്ലാസ്റ്റിക് കലർന്ന തുണി ഒഴിവാക്കി ഇക്കുറി അവ കോട്ടൺ തുണികളിൽ മതിയെന്ന് തീരുമാനിയ്ക്കാം. തോരണങ്ങൾ പേപ്പറിലോ, കോട്ടൺ തുണിയിലോ ആകാം.



നോൺവൂവൻ പോളി പ്രൊപ്പലിൻ എന്ന വസ്തു പ്ലാസ്റ്റിക്കാണ്. കണ്ടാൽ തുണിപോലെ തോന്നുമെങ്കിലും അവയും നിരോധിച്ചിട്ടുള്ളതാണ്.



പ്രതിജ്ഞ – ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ വാർഡിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കും.

**സ്ഥാനാർത്ഥികളുടെ പര്യടന സമയത്തും ഭവന സന്ദർശന സമയത്തുമെല്ലാം കുപ്പിവെള്ളം ഉപയോഗിക്കാതിരിക്കാൻ കഴിയില്ലല്ലോ?**





തീർച്ചയായും കഴിയും. ഭവന സന്ദർശനത്തിന് പോകുന്ന സ്ക്വാഡുകൾ ഓരോ സ്റ്റീൽ ബോട്ടിൽകൂടി സഞ്ചിയിൽ കരുതിയാൽ കുപ്പിവെള്ളം ഒഴിവാക്കാം. സ്ഥാനാർത്ഥി പര്യടനത്തിന് ഉപയോഗിക്കുന്ന വാഹനത്തിൽ ഒരു വാട്ടർ ഡിസ്പെൻസറും സ്റ്റീൽ കപ്പും കൂടി കരുതിയാൽ മതിയാകും. സോപ്പ് കരുതാൻ മറക്കല്ലേ!



പ്രതിജ്ഞ –ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ വാർഡിലെ തെരുവുകളും ഓടകളും വൃത്തിയായി സംരക്ഷിക്കും.

**കോവിഡ് 19 ന്റെ സാഹചര്യത്തിൽ കുപ്പിവെള്ളവും ഡിസ്പോസബിൾ കപ്പുകളും ഉപയോഗിക്കുന്നതല്ലേ കൂടുതൽ സുരക്ഷിതം.**



ഒറ്റത്തവണ പോലും അണുവിമുക്തമാക്കാത്ത ഡിസ്പോസബിൾ വസ്തുക്കളും കുപ്പിവെള്ളവുമെല്ലാം കോവിഡ് മുക്തമാണെന്ന ധാരണ ശരിയല്ല. പല വ്യക്തികളുടെ കൈകളിലൂടെയാവും അവ നമ്മളിൽ എത്തിച്ചേരുന്നത്. നമ്മൾ തന്നെ സോപ്പിട്ട് കഴുകി വൃത്തിയാക്കി ഉപയോഗിക്കുന്ന കപ്പുകളും പാത്രങ്ങളും തന്നെയാവും കോവിഡ് വ്യാപന സാധ്യത തടയാൻ സഹായിക്കുന്നത്.



ആഹാര പാഴ്സലുകൾ പാത്രങ്ങളിലോ വാഴയിലയിലോ പൊതിഞ്ഞ് വാങ്ങുക. നിരോധിത പ്ലാസ്റ്റിക് കവറുകളിലെ ഭക്ഷണം ഒഴിവാക്കാം.



പ്രതിജ്ഞ –ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ വാർഡിലെ ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയും.



**സമ്മേളനങ്ങളിലും റാലികളിലുമെല്ലാം ഒരേ കപ്പുകൾ കൂടുതൽ പേർ ഉപയോഗിക്കുന്നതു തടയാൻ ഡിസ്പോസബിൾ കപ്പുകൾ ഉപയോഗിക്കുന്നതല്ലേ സുരക്ഷിതം?**

അല്ല. നേരത്തേ സൂചിപ്പിച്ച പോലെ ഉത്പാദനം മുതൽ ഉപയോഗം വരെ നിരവധി പേർ നേരിട്ട് വിരൽ കൊണ്ട് സ്പർശിക്കുന്ന ഉൽപ്പന്നങ്ങളാണ് ഡിസ്പോസബിൾ എന്ന പേരിൽ നമ്മുടെ കൈകളിലെത്തുന്നത്. മാത്രവുമല്ല നിർമ്മാണ സമയത്ത് ഇവയിൽ സ്പ്രേ ചെയ്യുന്ന പ്ലാസ്റ്റിക് സൊല്യൂഷൻ ക്യാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്ക് കാരണമായേക്കാവുന്നവയുമാണ്. സോപ്പ് ഉപയോഗിച്ച് നന്നായി കഴുകി അണുവിമുക്തമാക്കുന്ന ചില്ല്, സ്റ്റീൽ കപ്പുകളോ തന്നെയാണ് സുരക്ഷിതമാണെന്ന ഉറപ്പോടെ നമുക്ക് ഉപയോഗിക്കാൻ കഴിയുന്നത്.



പ്രചരണത്തിനിറങ്ങുമ്പോൾ സ്റ്റീൽ കുപ്പിയും ഗ്ലാസും കയ്യിൽ കരുതാം.



പ്രതിജ്ഞ – ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ വാർഡിൽ മാലിന്യ സംസ്ക്കരണ നിയമങ്ങൾ നടപ്പിലാക്കുന്നതിന് മുൻ കൈയ്യെടുക്കും.





## സ്ഥാനാർത്ഥികളുടെ പ്രചരണ വാഹനങ്ങളിൽ എന്തൊക്കെയാണ് ഒഴിവാക്കേണ്ടത്?

പര്യടന വാഹനങ്ങൾ അലങ്കരിയ്ക്കുന്നതിന് പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിക്കാൻ ശ്രദ്ധിക്കണം. ഫ്ളക്സും പ്ലാസ്റ്റിക്കും തെർമ്മോക്കോളും ഉൾപ്പെടെയുള്ള സാധനങ്ങൾ പൂർണ്ണമായും ഒഴിവാക്കി തുണിയും പേപ്പറും ഉൾപ്പെടെ യുള്ള പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിച്ച് വാഹനങ്ങൾ അലങ്കരിക്കാം.





പ്രതിജ്ഞ – ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ വാർഡിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കും.

**സ്ഥാനാർത്ഥിയുടെ സ്വീകരണ പരിപാടിയിൽ എന്തെങ്കിലും ശ്രദ്ധിക്കാനുണ്ടോ?**



തീർച്ചയായും ഉണ്ട്.
സ്ഥാനാർത്ഥികളെ സ്വീകരിക്കാൻ വേണ്ടി ഇടുന്ന ഹാരങ്ങൾ പ്ലാസ്റ്റിക്കിലുള്ളതല്ലെന്ന് ഉറപ്പുവരുത്തണം. പൂക്കൾ ഉപയോഗിച്ച് ഉണ്ടാക്കിയ ഹാരങ്ങൾ, കോട്ടൺ നൂൽ, തോർത്ത് തുടങ്ങിയവ പകരമായി ഉപയോഗിക്കാം. പുസ്തകങ്ങൾ നൽകിയും സ്വീകരണങ്ങൾ ഒരുക്കാം.



സ്ഥാനാർത്ഥിയോടുള്ള സ്നേഹത്തോടൊപ്പം ഭൂമിയോടുള്ള നമ്മുടെ സ്നേഹവും നിലനിൽക്കട്ടെ!



പ്രതിജ്ഞ – ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ വാർഡിൽ ജൈവ മാലിന്യത്തിൽ നിന്ന് വളം നിർമ്മാണം സാധ്യമാക്കും.

## തിരഞ്ഞെടുപ്പ് പ്രചരണത്തിനിട യിലെ ഭക്ഷണം ഗ്രീൻ പ്രോട്ടോക്കോളിലാക്കാൻ എന്ത് മുൻകരുതലാണ് എടുക്കേണ്ടത് ?



കോവിഡിന്റെ സാഹചര്യത്തിൽ പ്രചരണ വേളയിൽ പ്രവർത്തകർ ഒരുമിച്ച് ഭക്ഷണം കഴിക്കുന്ന സന്ദർഭങ്ങൾ പരമാവധി ഒഴിവാക്കാം. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഭക്ഷണം കഴിക്കുമ്പോഴും പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ പാഴ്സലുകൾ, പേപ്പർ/പ്ലാസ്റ്റിക്/തെർമോക്കോൾ എന്നിവയിൽ നിർമ്മിതമായ ഡിസ്പോസബിൾ കപ്പുകൾ, പ്ലേറ്റുകൾ എന്നിവ ഒഴിവാക്കി പകരം സ്റ്റീൽ പ്ലേറ്റ്, സ്റ്റീൽ/ചില്ല് ഗ്ലാസുകൾ എന്നിവ ഉപയോഗിക്കാം. തിരഞ്ഞെടുപ്പ് കമ്മറ്റി ഓഫീസുകളിൽ സ്വന്തം പാത്രങ്ങൾ ഇതിനായി കരുതി വയ്ക്കാം. കേരളത്തിലെ എല്ലാ  വാർഡുകളിലും തെരഞ്ഞെടുപ്പ് പ്രചരണത്തിൽ ഏർപ്പെട്ടിരിക്കുന്ന പ്രവർത്തകർ മുഴുവൻ ഇങ്ങനെ പ്രവർത്തിച്ചാൽ മണ്ണിൽ വീണ് പ്രകൃതിയെ നശിപ്പിക്കുന്ന ടൺ കണക്കിന് മാലിന്യങ്ങൾ ഒഴിവാക്കാനാകും. അതിലൂടെ മാരക രോഗങ്ങളും പകർച്ച വ്യാധികളും ഒഴിവാക്കാം. തിരഞ്ഞെടുപ്പ് ചെലവും ഗണ്യമായി കുറയ്ക്കാം.



സ്റ്റീൽ പാത്രങ്ങളും കപ്പുകളും ലഭിക്കുന്നതിനും അണുവിമുക്തമാക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങളിലെ ഹരിതകർമ്മസേന ഗ്രീൻ പ്രോട്ടോക്കോൾ യൂണിറ്റുകളിൽ നിന്നുള്ള സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

പ്രതിജ്ഞ – ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ വാർഡിലെ ഹരിത കർമ്മ സേനയെ ശാക്തീകരിക്കും.






**തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഹരിത സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ രാഷ്ട്രീയ പാർട്ടികൾക്ക് എന്തെങ്കിലും ചെയ്യാനാകുമോ ?**

ഉറപ്പായും കഴിയും.
തിരഞ്ഞെടുപ്പിന്റെ ഭാഗമായി അച്ചടിയ്ക്കുന്ന നോട്ടീസുകളിലെല്ലാം മുകളിലോ താഴെയോ ഹരിത സന്ദേശങ്ങൾ കൂടി ചേർക്കാൻ കഴിയും.
പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിച്ചുള്ള തന്റെ പ്രചരണ രീതിയെക്കുറിച്ചോ, താൻ ജയിച്ചുവന്നാൽ പ്രകൃതി സൗഹൃദ പ്രവർത്തനങ്ങൾക്ക് നൽകുന്ന മുൻഗണനയെക്കുറിച്ചോ ഒക്കെ സ്ഥാനാർത്ഥിയ്ക്ക് തന്റെ അഭ്യർത്ഥന നോട്ടീസിൽ ചേർക്കാവുന്നതാണ്.





പ്രതിജ്ഞ – ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ വാർഡിൽ മാലിന്യ സംസ്ക്കരണത്തിന് ജനകീയ സമിതി രൂപീകരിക്കും.

## ചുവരെഴുത്തുകൾ ആകാമല്ലോ ?





**ആകാം.**

പക്ഷേ ചുവരെഴുത്തുകൾക്കു പകരം ചുവരിൽ ഫ്ളക്സുകൾ ഒട്ടിയ്ക്കുന്നതും ചുവരെഴുത്തിനോടൊപ്പം ഫോട്ടോകളുടെ ഫ്ളക്സുകൾ ഒട്ടിയ്ക്കുന്നതും അടുത്തകാലത്തായി വർദ്ധിച്ചുവരുന്നുണ്ട്. ഇവ പൂർണ്ണമായും ഒഴിവാക്കണം. ചുവരെഴുത്തെന്നാൽ ചുവരിൽ ബ്രഷ് ഉപയോഗിച്ചുള്ള എഴുത്തുതന്നെയാവട്ടെ!

പ്രതിജ്ഞ – ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ വാർഡിൽ ഗ്രീൻ പ്രോട്ടോക്കോൾ ശക്തമായി നടപ്പിലാക്കും.







## തുണികൊണ്ടുള്ള ആർച്ചുകൾ ഉണ്ടാക്കുന്നതിന് തടസ്സമൊന്നുമില്ലല്ലോ?



ആർച്ചുകൾ ഉണ്ടാക്കുന്നത് സ്റ്റീൽ/ഇരുമ്പ്/അലുമിനിയം/ തടി ഫ്രെയിമുകളും  തുണിയും ഉപയോഗിച്ചാണെങ്കിലും അവയിൽ അക്ഷരങ്ങളായി തെർമ്മോക്കോൾ ആണ് മിക്കപ്പോഴും ഉപയോഗി ക്കുന്നത്. റീസൈക്ലിംഗ് പോലും ചെയ്യാൻ കഴിയാത്ത ഇവ നമുക്ക് ഒഴിവാക്കാം. ആർച്ചുണ്ടാക്കുമ്പോൾ കോട്ടൻ തുണിയി ലെഴുതിയ ബാനർ തന്നെ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തണം.



പ്രതിജ്ഞ – ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ വാർഡിൽ ജനങ്ങൾക്ക് സുരക്ഷിത കുടിവെള്ളം ഉറപ്പുവരുത്തും.


വോട്ടെടുപ്പ് ദിനം കഴിഞ്ഞാലോ?
അപ്പോഴും ഉണ്ടല്ലോ. പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിച്ചാണ് തിരഞ്ഞെടുപ്പ് പ്രചരണം നടത്തുന്നതെങ്കിലും തിരഞ്ഞെടുപ്പിനു ശേഷം അവ ശേഖരിച്ച് തരം തിരിച്ച് ശരിയായി സംസ്കരിച്ചില്ലെങ്കിൽ അവയും മാലിന്യപ്രശ്നങ്ങൾ സൃഷ്ടിക്കും.
പ്രതിജ്ഞ –ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ എന്റെ വാർഡിൽ ശുചിത്വ ബോധമുള്ള തലമുറയെ വാർത്തെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും.



**അപ്പോപ്പിന്നെ**
**എന്താണ്**
**പോംവഴി?**

തിരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ ബോർഡുകളും കൊടികളും തോരണങ്ങളുമെല്ലാം സ്ഥാപിച്ചവർതന്നെ അവ ശേഖരിച്ച് തരം തിരിച്ച്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മ സേനകൾക്ക് കൈമാറണം.
അവർ അത് ശാസ്ത്രീയ പുന:ചംക്രമണത്തിന് കൈമാറും.
ഉപയോഗിച്ചശേഷം വലിച്ചെറിയുന്ന വോട്ടേഴ്സ് സ്ലിപ്പുപോലും ശേഖരിച്ച് കൈമാറി നമുക്ക് പുതിയൊരു മാതൃക തീർക്കാം.





പ്രതിജ്ഞ – ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
തദ്ദേശ സ്ഥാപനത്തിന് ശുചിത്വ പദവി നേടികൊടുക്കുന്നതിന് പ്രയത്നിക്കും.



**ഇക്കാര്യത്തിൽ രാഷ്ട്രീയ പാർട്ടികൾക്കും പൊതുജനങ്ങൾക്കും ഏതെങ്കിലും ഏജൻസികളുടെ പിന്തുണ ലഭിക്കാനിടയുണ്ടോ ?**

തീർച്ചയായും ഉണ്ട്.
തിരഞ്ഞെടുപ്പിൽ ഹരിത പെരുമാറ്റച്ചട്ടം (ഗ്രീൻ പ്രോട്ടോക്കോൾ) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാതലം മുതൽ തദ്ദേശ സ്ഥാപനതലം വരെ സഹായ സഹകരണങ്ങൾക്ക് ജില്ലാ ഹരിതകേരളം മിഷനേയും ശുചിത്വമിഷനേയും ബന്ധപ്പെടാവുന്നതാണ്. മിഷനുകളുടെ ഓഫീസുമായി ബന്ധപ്പെട്ടാൽ ഹരിതചട്ടം നടപ്പാക്കുന്നത് സംബന്ധിച്ച സംശയങ്ങൾക്ക് മറുപടി ലഭിക്കും.





പ്രതിജ്ഞ –ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ തദ്ദേശ സ്ഥാപനത്തിന്റെ സമ്പൂർണ്ണ ശുചിത്വ പദവിയ്ക്കായ് നിലകൊള്ളും.

## തെരഞ്ഞെടുപ്പു ദിവസം പോളിംഗ് ബൂത്തുകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ഡിസ്പോസബിൾ/ നിരോധിത പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കാം.
- പ്ലാസ്റ്റിക്കിൽ പൊതിയുന്ന ഭക്ഷണപ്പൊതികൾ ഒഴിവാക്കാം.
- ആഹാര പാനീയങ്ങൾ സ്വന്തം പാത്രങ്ങളിൽ വാങ്ങാം.
- മാലിന്യം തരംതിരിച്ച് നിക്ഷേപിക്കുന്നതിന് ബിന്നുകൾ സ്ഥാപിക്കാം.
- ഹരിതകർമ്മസേനകൾ വഴി പാഴ്‌വസ്തുക്കൾ നീക്കം ചെയ്യാം.
- അണുനശീകരണത്തിന് ഹരിതകർമ്മസേന യൂണിറ്റുകളുടെ സേവനം പ്രയോജനപ്പെടുത്താം.
- കുടിവെള്ള വിതരണത്തിന് അണുവിമുക്തമാക്കിയ പാത്രങ്ങൾ ഉപയോഗിക്കാം.

## സ്ഥാനാർത്ഥികളുടെ ഇലക്ഷൻ കമ്മിറ്റി ഓഫീസുകളിലും കൗണ്ടറുകളിലും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ഇലക്ഷൻ കമ്മിറ്റി ഓഫീസുകളും കൗണ്ടറുകളും അലങ്കരിക്കുന്നതിന് പ്ലാസ്റ്റിക് വസ്തുക്കൾ ഒഴിവാക്കാം.
- ഉപയോഗശൂന്യമായ പേപ്പറുകൾ, പാഴ് വസ്തുക്കൾ എന്നിവ ബിന്നുകളിൽ നിക്ഷേപിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറാം.
- പ്ലാസ്റ്റിക് കുപ്പിവെള്ളം, ഡിസ്പോസബിൾ പാത്രങ്ങൾ എന്നിവ പൂർണ്ണമായി ഒഴിവാക്കാം.
- നിശ്ചിത ഇടവേളകളിൽ ഓഫീസുകൾ അണുവിമുക്തമാക്കുന്നതിന് ഹരിതകർമ്മസേന യൂണിറ്റിന്റെ സേവനം പ്രയോജനപ്പെടുത്താം.



## ജില്ലാ മിഷനുകളുടെ നമ്പരുകൾ

| ജില്ല | ഹരിതകേരളം മിഷൻ | ശുചിത്വമിഷൻ |
|---|---|---|
| തിരുവനന്തപുരം | 9188120321 | 9495330575 |
| കൊല്ലം | 9188120322 | 9446100653 |
| പത്തനംതിട്ട | 9188120323 | 9809016597 |
| ആലപ്പുഴ | 9188120324 | 9446303275 |
| കോട്ടയം | 9188120325 | 8848893176 |
| എറണാകുളം | 9188120327 | 9562242370 |
| ഇടുക്കി | 9188120326 | 9446666154 |
| തൃശൂർ | 9188120328 | 8075650342 |
| പാലക്കാട് | 9188120329 | 8075749645 |
| മലപ്പുറം | 9188120331 | 9496341451 |
| കോഴിക്കോട് | 9188120332 | 9400688167 |
| വയനാട് | 9188120334 | 9048399320 |
| കണ്ണൂർ | 9188120335 | 8086758590 |
| കാസറഗോഡ് | 9188120336 | 8848699968 |

| ഒഴിവാക്കേണ്ടത് | ഉപയോഗിക്കാവുന്നത് |
|---|---|
| പ്ലാസ്റ്റിക് വസ്തുക്കളടങ്ങുന്ന എല്ലാത്തരം ബാനറുകൾ, ബോർഡുകൾ, ഹോർഡിംഗ്സുകൾ. | കോട്ടൺ തുണി, പേപ്പർ-തുണി മീഡിയം, ചണം, തടി, ലോഹങ്ങളിൽ നിർമ്മിതമായ ബോർഡുകൾ, മുള, ഈറ, പനമ്പായ, പാള മുതലായവ. |
| എല്ലാത്തരം ഡിസ്പോസബിൾ വസ്തുക്കളും പ്ലാസ്റ്റിക് കുപ്പിവെള്ളവും (പേപ്പർ/പ്ലാസ്റ്റിക്/തെർമോകോൾ എന്നിവയുൾപ്പെടെ). | വാട്ടർ ക്യാനുകൾ, സ്റ്റീൽ കുപ്പികൾ, സ്റ്റീൽ/ചില്ല് ഗ്ളാസുകൾ, പ്ലെയിറ്റുകൾ. |
| പ്ലാസ്റ്റിക് തോരണങ്ങൾ, തെർമോക്കോൾ ഉപയോഗിക്കുന്ന ആർച്ചുകൾ. | തുണി/പേപ്പർ തോരണങ്ങൾ, തുണിയിൽ എഴുതിയ ആർച്ചുകൾ. |
| പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ ആഹാരവസ്തുക്കൾ | വാഴയിലയിൽ പൊതിഞ്ഞ് വരുന്ന ഭക്ഷണ പദാർത്ഥങ്ങൾ. |
| സ്ഥാനാർത്ഥിയെ സ്വീകരിക്കാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഹാരങ്ങൾ. | പൂക്കളിലുള്ള ഹാരങ്ങൾ, കോട്ടൺ നൂൽ, തോർത്ത്. |

## 2019 –ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഫ്ളക്സും അജൈവ വസ്തുക്കളും ഉപയോഗിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ്

IN THE HIGH COURT OF KERALA AT ERNAKULAM

Present:

THE HONOURABLE THE CHIEF JUSTICE MR.HRISHIKESH ROY

&

THE HONOURABLE MR. JUSTICE A.K.JAYASANKARAN NAMBIAR

Monday,the 11th day of March 2019/20th Phalguna, 1940

WP(C) No.7193/2019(S)

PETITIONER

B.S. SYAMKUMAR, AGED 38 YEARS,
S/O BALAKRISHNA PILLAI, KSRA-233 MUDIPPURA LANE,
AVANAVAN CHERRY VILLAGE, CHITTATTINKARA DESOM,
ATTINGAL, THIRUVANANTHAPURAM DISTRICT, PIN-695 101.

RESPONDENTS

1. STATE OF KERALA,
REPRESENTED BY THE CHIEF SECRETARY,
GOVERNMENT SECRETARIAT, THIRUVANANTHAPURAM, PIN-695 001.
2. THE PRINCIPAL SECRETARY,
LOCAL SELF GOVERNMENT DEPARTMENT, GOVERNMENT SECRETARIAT,
THIRUVANANTHAPURAM, PIN-695 001.
3. ELECTION COMMISSION OF INDIA,
REPRESENTED BY THE CHIEF ELECTION COMMISSIONER KERALA,
THIRUVANANTHAPURAM-695 001.
4. THE PRINCIPAL SECRETARY,
ENVIRONMENT DEPARTMENT, GOVERNMENT SECRETARIAT,
THIRUVANANTHAPURAM, PIN-695 001.
5. THE MEMBER SECRETARY,
KERALA STATE POLLUTION CONTROL BOARD,
PATTOM. P.O, THIRUVANANTHAPURAM-695 003.

Writ Petition (civil) praying inter alia that in the circumstances stated in the affidavit filed along with the WP(C) the High Court be pleased to issue a direction to use only eco-friendly materials for the purpose of advertisement during ongoing election campaign in the State.

This petition coming on for admission upon perusing the petition and the affidavit filed in support of WP(C) and upon hearing the arguments of SRI.M. KANNAN, Advocate for the petitioner, SRI.K.V. SOHAN, STATE ATTORNEY for R1, R2 & R4, SRI.MURALI PURUSHOTHAMAN, STANDING COUNSEL for R3 and of SRI.T. NAVEEN, STANDING COUNSEL for R5, the court passed the following:

**HRISHIKESH ROY, C.J. & A.K.JAYASANKARAN NAMBIAR, J.**

---

**W.P(C). No.7193 of 2019**

---

**Dated this the 11th day of March, 2019**

**ORDER**

**Hrishikesh Roy, C.J.**

The learned Adv.Sri.M.Kannan appears for the petitioner. Sri.K.V.Sohan, the State Attorney accepts notice for the respondents 1, 2 and 4. The learned counsel Sri.Mulari Purushothaman represents the *Election Commission of India* (respondent No.3). Sri.T.Naveen, the learned Standing Counsel appears *Kerala State Pollution Control Board* (respondent No.5).

2. This Public Interest Litigation (PIL) is filed by citizen, seeking prohibition in the usage of *Poly Vinyl Chloride (PVC) Flex Boards*, a key source of pollutants, in the forthcoming Lok Sabha Election, by the political parties/candidates. The petitioner contends that the use of such PV Flex Boards will be in negation of the *Environment (Protection) Act, 1986* as well as the *Plastic Waste Management Rules, 2016* not to mention the violation of the rights of the citizens, under *Articles 21* and *48-A* of the *Constitution of India,* for a clean and safe environment.

3. In his turn, the learned counsel Sri.Murali Purushothaman representing the *Election Commission of India* produces the copy of the communication dated 26.02.2019, addressed to all recognised National/State Political Parties, which requires everyone to make the forthcoming election eco-friendly, and opt for elimination of single-use plastic materials in the election campaign. This is suggested

by the Election Commission, in the interest of human health and environment. The communication being relevant is extracted hereunder:-...

"......................................................................................................

In this connection, Ministry of Environment, Forest and Climate Change has approached the Commission vide letter No.12/79/2018-HSMD (Pt.) dated 17th January, 2019, (copy enclosed) with the request to impress upon all concerned to take up sustainable practices and try using alternate option to single-use plastic during elections. It, inter-alia, mentions:-

*"A lot of the campaigning material including posters, cut-outs, hoardings, banners, political advertisements, etc., is made of plastic. After the elections, the campaigning materials, are discarded and become waste. Such single-use plastic waste generated during campaigning does not get collected and causes choking of drainage and river systems, ingestion by stray animals, land and water pollution, open air burning, etc. Leading to adverse impacts on human health and environment. Some of these plastics are Poly Vinyl Chloride (PVC) based, which produces toxic emissions on burning.*

*A number of alternate options to use of plastic in campaigning material are available such as compostable plastics. Natural fabrics, recycled paper material, etc. which have a lesser environmental impact. Such materials need to be promoted as a sustainable and environmentally sound management practice. The upcoming General Elections present an excellent opportunity to introduce a behavioural change in election campaign and to promote sustainable practices."*

Your attention is also drawn to Para 3 of Commission's instructions No.509/241/ECI/LET/FUNC/JUD/RCC/2011 dated 20th April 2018, which specifies that

*"The Solid Waste Management Rules, 2016 and the Plastic Waste Management Rules, 2016, and other applicable laws in this regard are hereby adopted for disposal of the campaign material by the local municipal authority and the cost for the same shall be recovered from the candidates or political parties, as the case may be, in accordance with the polluter pays principle"*

Accordingly, the Commissioner reiterates that all political parties should take adequate steps and measures to not use single-use plastic as campaign materials (posters, banners etc.) during the elections in the interest of human health and environment.

\

........................................................................................................"

4. Besides the above, this High Court in other proceedings has issued direction for removal of unauthorised *PVC Flex Boards* within the limits of various local authorities in the State.

5. Taking note of these developments and the recent direction issued by the *Election Commission of India*, the matter is admitted. We also deem it appropriate to order that all candidates and the National/State Political Parties must strictly adhere to the aforequoted guidelines of the *Election Commission*, so that only the eco-friendly materials are used during the election campaign and there is no use of *PVC Flex Boards* and other such non bio-degradable materials as campaign material, in the State of Kerala.

Sd/-
HRISHIKESH ROY,
CHIEF JUSTICE

H/o.

Sd/-
A.K JAYASANKARAN NAMBIAR,
JUDGE

mns

-TRUE COPY-

ASSISTANT REGISTRAR

## കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

നമ്പർ: ബി1/ 34970/2019/സം.തി.ക. തീയതി : 28.10.2020

### സർക്കുലർ

വിഷയം: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്കുള്ള തിരഞ്ഞെടുപ്പ്- തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ബോർഡുകൾ, ബാനറുകൾ, പോസ്റ്ററുകൾ, നോട്ടീസ്, ചുവരെഴുത്തുകൾ തുടങ്ങിയവ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 22.03.2019 ലെ ബി1 -22671-2019-സം.തി.ക നമ്പർ സർക്കുലർ.

22750/2018 നമ്പർ റിട്ട് പെറ്റിഷനിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 18.09.2018, 03.10.2018, 26.02.2019 എന്നീ തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ബോർഡുകൾ, ബാനറുകൾ, ഹോർഡിംഗുകൾ എന്നിവ സ്ഥാപിക്കുന്നതും നീക്കം ചെയ്യുന്നതും സംബന്ധിച്ച് കേരള സംസ്ഥാന സർക്കാർ ഉത്തരവുകളും സർക്കുലറുകളും മുഖേന അധിക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കോടതി ഉത്തരവുകളും സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും സർക്കുലറുകളും അടിസ്ഥാനമാക്കിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രചാരണത്തിന് 'ബോർഡുകൾ, ബാനറുകൾ, പോസ്റ്ററുകൾ, നോട്ടീസ്, ചുവരെഴുത്ത് എന്നീ മാർഗ്ഗങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നു എന്ന കാര്യം പരിഗണിച്ചും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

2. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020 ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സൂചന സർക്കുലറിൽ ആവശ്യമായ ഭേദഗതി വരുത്തി ചുവടെ ചേർക്കും വിധം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i) തിരഞ്ഞെടുപ്പ് പരസ്യം സ്ഥാപിക്കുന്നതിനോ പതിക്കുന്നതിനോ എഴുതുന്നതിനോ വരയ്ക്കുന്നതിനോ ചുമതലപ്പെടുത്തുന്ന വ്യക്തിയുടെ പേരും സ്ഥാനപ്പേരും പരസ്യത്തോടൊപ്പം ചേർക്കേണ്ടതാണ്.

(ii) നിലവിലുള്ള നിയമങ്ങൾ അനുശാസിക്കുന്നതിനു വിരുദ്ധമായി തിരഞ്ഞെടുപ്പ് പരസ്യം സ്ഥാപിക്കുവാനോ പതിപ്പിക്കുവാനോ എഴുതുവാനോ വരയ്ക്കുവോനോ പാടില്ല. .

(iii) മറ്റൊരു രാഷ്ട്രീയ കക്ഷിയോ സ്ഥാനാർത്ഥിയോ നിയമാനുസൃതം സ്ഥാപിച്ചിട്ടുള്ള പരസ്യം വികൃതമാക്കുകയോ മലിനമാക്കുകയോ മറയ്ക്കുകയോ ചെയ്യുന്ന രീതിയിൽ തിരഞ്ഞെടുപ്പ് പരസ്യം സ്ഥാപിക്കുവാനോ പതിക്കുവാനോ എഴുതുവാനോ വരയ്ക്കുവാനോ പാടില്ല.

(iv) വ്യക്തികളെ അധിക്ഷേപിക്കുന്നതും അശ്ലീലകരവും അപകീർത്തിപ്പെടുത്തുന്നതും പ്രകോപനപരമായതും മതവികാരം ഉണർത്തുന്നതും വ്രണപ്പെടുത്തുന്നതും കൊലപാതക ദൃശ്യങ്ങളുൾപ്പെടെയുള്ള ബീഭത്സമായ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതുമായ തിരഞ്ഞെടുപ്പ് പരസ്യം സ്ഥാപിക്കുവാനോ പതിക്കുവാനോ എഴുതുവാനോ വരയ്ക്കുവാനോ പാടില്ല.

(v) വാഹന യാത്രക്കാർക്കും കാൽനടയാത്രക്കാർക്കും പൊതു ജനങ്ങൾക്കും മാർഗ്ഗതടസ്സം ഉണ്ടാകുന്നതോ മാർഗ്ഗ തടസ്സത്തിനു കാരണമാകുന്നതോ ആയ രീതിയിലോ വാഹനങ്ങൾ സുഗമമായി പോകുന്നതിന് തടസ്സമുണ്ടാകുന്ന രീതിയിലോ തിരഞ്ഞെടുപ്പ് പരസ്യം സ്ഥാപിക്കുവാനോ പതിക്കുവാനോ എഴുതുവാനോ വരയ്ക്കുവാനോ പാടില്ല

(vi) നടപ്പാതയിലും റോഡുകളുടെ വളവുകളിലും പാലങ്ങളിലും റോഡുകൾക്കു കുറുകെ ഗതാഗത തടസ്സമുണ്ടാക്കുന്ന രീതിയിലും പൊതുജനങ്ങൾക്ക് ശല്യമോ അപകടമോ ഉണ്ടാകുന്ന രീതിയിൽ മറ്റേതെങ്കിലും സ്ഥലത്തും തിരഞ്ഞെടുപ്പ് പരസ്യം സ്ഥാപിക്കുവാൻ പാടില്ല. അതുപോലെ വാഹനം ഓടിക്കുന്നവരുടെ ശ്രദ്ധതിരിക്കുന്ന തരത്തിലുള്ള പരസ്യങ്ങളോ ഹോർഡിംഗുകളോ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ സ്ഥാപിക്കാൻ പാടില്ല.

(vii) പൊതു ജനങ്ങളുടെയോ മറ്റു വാഹനങ്ങളുടെയോ സുരക്ഷയ്ക്കു ഭീഷണി ഉണ്ടാകുന്ന വിധത്തിൽ തിരഞ്ഞെടുപ്പ് പരസ്യം വാഹനങ്ങളിൽ സ്ഥാപിക്കുവാനോ പ്രദർശിപ്പിക്കുവാനോ പാടില്ല.

(viii) ബന്ധപ്പെട്ട അധികാരികളുടെ രേഖാമൂലമുള്ള മുൻകൂർ അനുമതിയില്ലാതെ പൊതു സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലോ വസ്തുവകകളിലോ ഇലക്ട്രിക് പോസ്റ്റുകളിലോ മൊബൈൽ ടവറുകളിലോ ടെലഫോൺ പോസ്റ്റുകളിലോ തിരഞ്ഞെടുപ്പ് പരസ്യം സ്ഥാപിക്കുവാനോ പതിക്കുവാനോ വരയ്ക്കുവാനോ എഴുതുവാനോ പാടില്ല.

(IX) തിരഞ്ഞെടുപ്പ് പരസ്യത്തിനായി സ്ഥാനാർത്ഥികളും രാഷ്ട്രീയ കക്ഷികളും പരിസ്ഥിതി സൗഹൃദവും മണ്ണിൽ അലിഞ്ഞു ചേരുന്നതും പുനഃചംക്രമണം ചെയ്യാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

(X) തിരഞ്ഞെടുപ്പ് പരസ്യം സ്ഥാപിക്കുന്നതിനായി പ്ലാസ്റ്റിക് പേപ്പറുകൾ, പ്ലാസ്റ്റിക് തുണികൾ, പ്ലാസ്റ്റിക് റിബണുകൾ എന്നിവ ഉപയോഗിക്കുവാൻ പാടില്ല.

(XI) തിരഞ്ഞെടുപ്പ് പ്രചരണത്തിനായി രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും പ്ലാസ്റ്റിക്, പി.വി.സി തുടങ്ങിയ വസ്തുക്കൾ കൊണ്ടുണ്ടാക്കിയ ബോർഡുകൾ, ബാനറുകൾ, കൊടി തോരണങ്ങൾ ഉപയോഗിക്കുവാൻ പാടില്ല.

(Xii) തിരഞ്ഞെടുപ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും കോട്ടൺ തുണി, പേപ്പർ, പോളി എത്തലീൻ തുടങ്ങിയ പ്രകൃതി പരിസ്ഥിതി സൗഹൃദ വസ്തുക്കളും, പുനഃചംക്രമണം ചെയ്യുവാൻ കഴിയുന്ന മറ്റു വസ്തുക്കളും എന്നിവ ഉപയോഗിക്കേണ്ടതാണ്.

(Xiii) വോട്ടെടുപ്പിന് ശേഷം പോളിംഗ് സ്റ്റേഷനുകളിൽഅവശേഷിക്കുന്ന പേപ്പറുകളും മറ്റ് വസ്തുക്കളും നീക്കം ചെയ്യുന്നതിനും അവ നശിപ്പിക്കുന്നതിനുമുള്ള നടപടി അതാത് തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.

(Xiv) വിതരണ സ്വീകരണ വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ വോട്ടെണ്ണലിനു ശേഷം അവശേഷിക്കുന്ന പേപ്പറുകളും മറ്റ് പാഴ് വസ്തുക്കളും നീക്കം ചെയ്യുന്നതിനും നശിപ്പിക്കുന്നതിനുമുള്ള നടപടി അതാത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ, മുനിസിപ്പൽ സെക്രട്ടറിമാർ, മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർ എന്നിവർ സ്വീകരിക്കേണ്ടതാണ്.

(Xv) പോളിംഗ് സ്റ്റേഷനുകളിലും വിതരണ സ്വീകരണ വോട്ടെണ്ണൽ കേന്ദ്രങ്ങളിലും വോട്ടെടുപ്പ് വോട്ടെണ്ണൽ ദിവസങ്ങളിൽ പഴയതും ഉപയോഗശൂന്യമായതുമായ ജൈവ അജൈവ വസ്തുക്കൾ വെവ്വേറെ നിക്ഷേപിക്കുന്നതിന് ഓരോ ക്യാരി ബാഗുകൾ വീതം ലഭ്യമാക്കുന്നതിന് മേൽപ്പറഞ്ഞ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

(Xvi) മേൽപ്പറഞ്ഞ കേന്ദ്രങ്ങളിൽ ഉപയോഗിച്ച ബയോ മെഡിക്കൽ വേസ്റ്റുകളിൽ മാസ്ക്, ഗ്ലൗസ്, എന്നിവ പ്രത്യേകം പ്രത്യേകം ശേഖരിച്ച് സംസ്കരിക്കുന്നതിനായി യഥാക്രമം മഞ്ഞ, ചുവപ്പ് എന്നീ നിറങ്ങളിലെ 2 ക്യാരി ബാഗുകൾ കൂടി മേൽ പറഞ്ഞ സെക്രട്ടറിമാർ ലഭ്യമാക്കേണ്ടതും ശാസ്ത്രീയ രീതിയിൽ സംസ്കരിക്കുന്നത് തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

(Xvii) വോട്ടെടുപ്പ് അവസാനിച്ചാൽ ഉടൻ തന്നെ അതാത് സ്ഥാനാർത്ഥികളും രാഷ്ട്രീയ കക്ഷികളും തിരഞ്ഞെടുപ്പ് പരസ്യം നീക്കം ചെയ്ത് നശിപ്പിക്കുകയോ പുനഃചംക്രമണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുകയോ ചെയ്യേണ്ടതാണ്. ഇപ്രകാരം നീക്കം ചെയ്യുന്നില്ലെങ്കിൽ വോട്ടെടുപ്പ് അവസാനിച്ച് അഞ്ച് ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി പ്രസ്തുത പരസ്യം നീക്കം ചെയ്ത് നശിപ്പിക്കുന്നതിനോ പുനഃചംക്രമണം നടത്തുന്നതിന് ഏജൻസികൾക്ക് കൈമാറുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതും ഇതിന്റെ ചെലവ് പരസ്യത്തിന്റെ ഗുണഭോക്താവായ സ്ഥാനാർത്ഥിയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

(Xviii) പോളിംഗ് സ്റ്റേഷൻ, വിതരണ സ്വീകരണ വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവയ്ക്കായി ഉപയോഗിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പൊതു സ്വകാര്യ കെട്ടിടങ്ങളിലെ ചുമരുകളിലും പരിസരത്തും ബോധവൽക്കരണത്തിനായി കമ്മീഷന്റെ നിർദ്ദേശാനുസരണം പതിക്കുന്ന പോസ്റ്ററുകളും ബോർഡുകളും മറ്റും നീക്കം ചെയ്ത് വൃത്തിയാക്കുന്നതിന് ബന്ധപ്പെട്ടതദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

3) ഈ വിഷയത്തിൽ നിലവിലുള്ളതും ഇനി ഉണ്ടാകുന്നതുമായ നിയമത്തിലെ വ്യവസ്ഥകളും ബഹുമാനപ്പെട്ട കോടതി ഉത്തരവുകളും സർക്കാരിന്റെയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെയും മാർഗ്ഗനിർദ്ദേശങ്ങളും എല്ലാ സ്ഥാനാർത്ഥികളും വ്യക്തികളും രാഷ്ട്രീയ കക്ഷികളും പാലിക്കേണ്ടതാണ്.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ,
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ,
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും
എല്ലാ വരണാധികാരികൾക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി
പകർപ്പ്:-

എല്ലാ നോഡൽ ഓഫീസർമാർക്കും
പബ്ലിക് റിലേഷൻസ് ഓഫീസർ
സ്റ്റാന്റിംഗ് കൗൺസിൽ
എല്ലാ സെക്ഷൻ ഓഫീസർമാർക്കും
കമ്പ്യൂട്ടർ പ്രോഗ്രാമർ
എല്ലാ സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ




**ശുചിത്വ മിഷൻ**

**കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡവലപ്മെന്റ് യൂണിറ്റ്**

**സ്വരാജ് ഭവൻ, ഫ്ളോർ(–1), നന്ദൻകോട്, കവടിയാർ പി.ഒ., തിരുവനന്തപുരം 695003**

ഫോൺ : 0471 2319831, 0471 2316730, ഇ മെയിൽ : sanitation.sm@kerala.gov.in

വെബ്സൈറ്റ് : www.sanitation.kerala.gov.in